"ഭരണഭാഷ ,മാതൃഭാഷ"

നമ്പർ:ആഡിറ്റ് വി1 /100331/2016/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം,തീയതി: 09/02/2016

**സർക്കുലർ.**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്- ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിൽ നിന്ന് സ്വകാര്യ എയ്ഡഡ് കോളേജുകളിലേക്ക് നൽകുന്ന ഫീസ് രസീത് ബുക്കുകൾക്ക് ബുക്ക് നമ്പരും, രസീത് നമ്പരും രേഖപ്പെടുത്തി നൽകുന്നത് സംബന്ധിച്ച്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ മേഖലാ കാര്യാലയങ്ങളിൽ നിന്നും സ്വകാര്യ എയ്ഡഡ് കോളേജുകളിലേക്ക് ഫീസ് രസീത് ബുക്ക് നൽകുമ്പോൾ നിലവിൽ ബുക്ക് നമ്പരും,മെഷീൻ ഉപയോഗിച്ച് രസീത് നമ്പരും രേഖപ്പെടുത്തുന്നതായി കാണുന്നില്ല.

ആയതിനാൽ അടിയന്തിരമായി മേഖലാ കാര്യാലയങ്ങളിൽ നിന്നും നമ്പർ മെഷീൻ ഉപയോഗിച്ച് നമ്പർ പതിച്ച ഫീസ് രസീതുകൾ മാത്രം സ്വകാര്യ എയ്ഡഡ് കോളേജുകൾക്ക് നൽകാൻ പാടുള്ളൂ. ഓരോ ഫീസ് രസീത് ബുക്കിനും പ്രത്യേകം ബുക്ക് നമ്പരും രേഖപ്പെടുത്തേണ്ടതാണ്.

ഓരോ സ്വകാര്യ എയ്ഡഡ് കോളേജിനും ഫീസ് രസീത് ബുക്ക് നൽകുമ്പോൾ ഏത് ബുക്ക് നമ്പർ നൽകി എന്നും ,ഫീസ് രസീത് നമ്പർ എത്രമുതൽ എത്രവരെ നൽകി എന്നും സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

സ്വകാര്യ എയ്ഡഡ് കോളേജിന്റെ ആഡിറ്റ് വേളയിൽ പ്രസ്തുത കോളേജിന് നൽകിയ ബുക്ക് നമ്പരും ഫീസ് രസീത് നമ്പരും മാത്രമാണോ ഉപയോഗിച്ചിരിക്കുന്നത് എന്ന് പ്രത്യേകം പരിശോധനാ വിധേയമാക്കേണ്ടതുമാണ്.

നിലവിൽ നൽകിയിരിക്കുന്ന രസീത് നമ്പർ രേഖപ്പെടുത്താത്ത ബുക്കുകൾ തിരികെ വാങ്ങി ബുക്ക് നമ്പരും രസീത് നമ്പരും രേഖപ്പെടുത്തിയ ബുക്കുകൾ അതത് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ സ്വകാര്യ എയ്ഡഡ് കോളേജുകൾക്ക് നൽകേണ്ടതാണ്. 2016-2017 അദ്ധ്യയന വർഷം മുതൽ(01-06-2016) നിർദേശാനുസരണമുള്ള ഫീസ് രസീത് ബുക്കുകൾ മാത്രം ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ്)
എം.നന്ദകുമാർ .ഐ..എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.
//അംഗീകാരത്തോടെ //

സൂപ്രണ്ട്.

**പകർപ്പ്**

1) എല്ലാമേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) പി.എ.ടു ഡയറക്ടർ, അഡീഷണൽ ഡയറക്ടർ
3) സി.എ.ടു സി.എ.ഒ.,സി.എഫ്.ഒ.,സീനിയർ.എ.എ.
4)കരുതൽ ഫയൽ.
5)സിസ്റ്റം മാനേജർ